# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ - T 3044 23.03.2015- ലെ മറുപടിക്ക്

## 2015-16 ലെ കേന്ദ്ര ബജറ്റ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.എ.ബേബി<br>ശ്രീ. എളമരം കരീം<br>ശ്രീ. സി.രവീന്ദ്രനാഥ് | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) 2015-16-ലെ കേന്ദ്ര ബജറ്റ് സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങളിന്മേൽ എത്രത്തോളം നീതിപുലർത്തിയിട്ടുണ്ട് ;<br><br>(ബി) സംസ്ഥാനം നിരന്തരമായി ആവശ്യപ്പെടുന്ന ഏതെങ്കിലും കാര്യത്തിൽ അനുകൂല തീരുമാനം ബജറ്റിൽ ഉണ്ടായിട്ടുണ്ടോ; സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങളാണ് ബജറ്റിൽ അവഗണിക്കപ്പെട്ടിരിക്കുന്നത്; | (എ) & (ബി) | സംസ്ഥാനം കേന്ദ്ര സർക്കാറിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുക എഴുതിത്തള്ളുക,റബ്ബർ മേഖല പാരമ്പര്യ കാർഷികോല്പന്ന മേഖല എന്നിവയിലെ മാന്ദ്യം പരിഹരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ,സംസ്ഥാന ഭവന പദ്ധതികൾക്കുള്ള സാമ്പത്തികസഹായം. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേത പാക്കേജ് അനുവദിക്കുക,സംസ്ഥാനത്തെപൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി വർദ്ധിച്ച തോതിലുള്ള കേന്ദ്ര സഹായം അനുവദിക്കുക. പബ്ളിക് സർവ്വീസിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ഇ-ഗവേർണൻസ് പദ്ധതിയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കുക തുടങ്ങിയ സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങൾ കേന്ദ്ര ബജറ്റിൽ പരിഗണിച്ചതായി കാണുന്നില്ല. |
| (സി) ബജറ്റ് വിഹിതത്തിന്മേൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ:<br><br>(ഡി) കേരളത്തോടുള്ള അവഗണനയിൽ കേന്ദ്രസർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) & (ഡി) | കേരളത്തിന് കേന്ദ്ര ബജറ്റ് പ്രകാരം എന്ത് തുക വിഹിതമായി ലഭിക്കുമെന്നത് സംബന്ധിച്ച് കൃത്യമായ വിവരം ലഭിച്ചിട്ടില്ല. അതിനാൽ വിഹിതം സംബന്ധിച്ചും കേരളത്തിനോട് അവഗണന കാട്ടിയിട്ടുണ്ടോയെന്നത് സംബന്ധിച്ചും നിലപാട് വ്യക്തമാക്കുന്നതിനോ എന്ത് നടപടി സ്വീകരിക്കുമെന്ന് പറയുന്നതിനോ ഇപ്പോൾ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ